മാധ്യമങ്ങൾക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ചട്ടം ഉടൻതന്നെ നിലവിൽവരുന്നതാണ്. ചട്ടം നിലവിൽ വന്നശേഷം ഏഷ്യാനെറ്റ്, സൂര്യാ ടിവി എന്നിവയുൾപ്പെടെയുള്ള ഇല്ക്രടോണിക് മാധ്യമങ്ങളിലെ ജേർണലിസ്റ്റുകൾക്ക് അക്രെഡിറ്റേഷൻ അനുവദിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സഭയുടെ നടുത്തളത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ട് നിന്നിരുന്ന പ്രതിപക്ഷാംഗങ്ങൾ ഈ സമയം മുദ്രാവാക്യം വിളിച്ചുകൊണ്ട് മറ്റു ചില പ്രതിപക്ഷാംഗങ്ങളോടൊപ്പം സഭയുടെ നടുത്തളത്തിൽനിന്നും സഭാകവാടത്തിലേയ്ക്ക് പോയി.)

(3) വികലാംഗരുടെ സെക്രട്ടേറിയറ്റ് നടയിലെ സത്യാഗ്രഹം

ശ്രീ. ജി. സുധാകരൻ: കേരളത്തിലെ വികലാംഗർക്ക് ചട്ടപ്രകാരം ലഭിക്കുന്ന 3 ശതമാനം സംവരണം പൂർണ്ണമായി ലഭിച്ചിട്ടില്ല. കുടിശ്ശിക നിയമനം പൂർത്തിയാക്കണം. താൽക്കാലിക നിയമനം കിട്ടിയിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അവരെ സ്ഥിരപ്പെടുത്താമെന്ന് വകുപ്പുമന്ത്രി പലതവണ പറഞ്ഞിട്ടുണ്ട്. അവരെ സ്ഥിരപ്പെടുത്തണം. 7-3-2001 മുതൽ വികലാംഗർ സെക്രട്ടേറിയറ്റ് നടയിൽ സത്യാഗ്രഹം നടത്തുകയാണ്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് ആ വർഷം ഡിസംബർ 31 വരെ സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ മുഴുവൻ? നടപടി സ്വീകരിക്കണം. അതിനാവശ്യമായ നിർദ്ദേശം ജില്ലാകളക്ടർമാർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 1995-ലെ കേന്ദ്ര വികലാംഗ നിയമത്തിലെ 33-ാം വകുപ്പ് അനുസരിച്ച് വികലാംഗർക്ക് തുല്യ അവസരവും അവകാശവും സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ക്ലാസ് III, IV തസ്തികകളിൽ 3 ശതമാനം സംവരണവും ഏർപ്പെടുത്തികൊണ്ട് ജി.ഒ.പി. 20/98 പി. ആർ. ഡി. നമ്പർ പ്രകാരം 14-7-1998-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതാതു ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഒരു സെലക്ഷൻ കമ്മിറ്റി സീനിയോറിറ്റി, കമ്മ്യൂണൽ റൊട്ടേഷൻ എന്നിവ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഓഫീസർ ഹാജരാക്കുന്ന ലിസ്റ്റിൽനിന്നും ടെസ്റ്റും ഇന്റർവ്യൂവും നടത്തിയാണ് വികലാംഗരായിട്ടുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഈ ഉത്തരവ് പ്രകാരം 1998-ൽ 474 ഒഴിവുകളും 1999-ൽ 362 ഒഴിവുകളും 2000-ൽ 362 ഒഴിവുകളും സംവരണംചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വികലാംഗരെ നിയമിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർ വേക്കൻസി ആവശ്യപ്പെടുമ്പോൾ ഉടനെ റിപ്പോർട്ടുചെയ്യാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള നിയമനങ്ങൾ സുഗമമായി നടത്തുന്നതിലേയ്ക്കും കുടിശ്ശിക ഉൾപ്പെടെയുള്ള നിയമനങ്ങൾ യഥാസമയം നടത്തുന്നതിലേയ്ക്കും State Commission for persons with Disabilities മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഇൻഡ്യൻ സ്വാതന്ത്ര്യ

LIBRARY ARCHIVES Kerala Legislative Assembly

സമരത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലിക സർവ്വീസിൽ ഉണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കേ അനുകൂല നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സ്റ്റേ വെക്കേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ കുറച്ചതുമൂലം എഫ്.എ.സി.ടി. നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. മുഹമ്മദാലി : സർ, പുതിയ കേന്ദ്ര ബഡ്ജറ്റിൽ കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ കുറച്ചതുമൂലം സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനമായ 'ഫാക്ട്' നേരിടുന്ന ഗുരുതരമായ സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ കാര്യമായ സമ്മർദ്ദം ചെലുത്തിയെങ്കിൽ മാത്രമേ ഈ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചുകൊണ്ട് ഫാക്ടിനെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. അതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പുതിയ കേന്ദ്ര ബഡ്ജറ്റിലൂടെ കാപ്രോലക്ടത്തിന്റെ ഇറക്കുമതി തീരുവ ഗണ്യമായി കുറച്ചത് ഫാക്ടിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കും. ഇറക്കുമതി തീരുവ കുറച്ചതുമൂലം രാജ്യാന്തര വിലയുമായി മത്സരിക്കുന്നതിന് ഫാക്ടിന്റെ ഉല്പന്നമായ കാപ്രോലാക്ടത്തിന്റെ വില ഗണ്യമായി കുറയ്ക്കേണ്ടിവരും. ഇതുമൂലം വൻപിച്ച സാമ്പത്തിക നഷ്ടം ഫാക്ടിന് നേരിടേണ്ടിവരും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ചു. ഇതുമൂലം ഫാക്ടിനുണ്ടാകുന്ന സാമ്പത്തികനഷ്ടം അന്നുതന്നെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിലവാരം കുറഞ്ഞ കാപ്രോലാക്ടത്തിന്റെ വർദ്ധിച്ച രീതിയിലുള്ള ഒഴുക്ക് തടയാൻ കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ 40 ശതമാനമായി ഉയർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകമായി കേന്ദ്രത്തെ അറിയിച്ചിരുന്നു. കൂടാതെ ഫാക്ടിനെ രക്ഷപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ചും സംസ്ഥാന സർക്കാർ കേന്ദ്ര കെമിക്കൽ ആന്റ് ഫെർട്ടിലൈസർ മന്ത്രാലയത്തെ അറിയിക്കുകയുണ്ടായി. കേന്ദ്ര മന്ത്രാലയങ്ങൾ തമ്മിൽ കൂടിയാലോചനയിലാണെന്നും പെട്ടെന്ന് തീരുമാനം ഉണ്ടാകുമെന്നും കേന്ദ്ര കെമിക്കൽ ആന്റ് ഫെർട്ടിലൈസർ വകുപ്പ് സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തു. ഈ അവസരത്തിലാണ് പുതിയ കേന്ദ്ര ബഡ്ജറ്റിലൂടെ കാപ്രോലാക്ടത്തിന്റെ ഇറക്കുമതി തീരുവ വീണ്ടും കുറച്ചത്. ഈ തീരുമാനം മാറ്റാനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുന്നതാണ്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി കേന്ദ്രം എടുത്തുവരുന്ന ഇത്തരം തീരുമാനങ്ങൾക്കെതിരെ ജനങ്ങളെയാകെ അണിനിരത്തിയെങ്കിൽ മാത്രമേ ഈ നയങ്ങൾ തിരുത്താൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly